കിടക്കുന്ന വെള്ളക്കര കുടിശ്ശികയെ സംബന്ധിച്ചും കണക്ഷനെ സംബന്ധിച്ചും ചർച്ച ചെയ്ത് പരിഹാരം കാണുന്നതും നിശ്ചിത ദിവസത്തിനകം ഒത്തുതീർപ്പാക്കുന്ന തുക അടയ്ക്കുന്നതിന് അനുവദിക്കുന്നതുമാണ്.

(ഡി) പത്രം, ടി.വി, റേഡിയോ തുടങ്ങിയ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങൾ, കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും പ്രദർശിപ്പിച്ചിരിക്കുന്ന ബോർഡുകൾ, ബാനറുകൾ എന്നിവയിലൂടെ അദാലത്തിന്റെ വിവരം ഉപഭോക്താക്കളെ അറിയിക്കുന്നു. 25000 രൂപയിൽ കൂടുതൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് നോട്ടീസ് നൽകുന്നു. തുടർന്ന് അപേക്ഷകൾ സ്വീകരിക്കുന്നതിന് സെക്ഷൻ ഓഫീസ് തലത്തിൽ പ്രത്യേക കൗണ്ടറുകൾ തുറക്കുന്നതും ഉപഭോക്താക്കളിൽനിന്നും പരാതികൾ സ്വീകരിക്കുന്നതുമാണ്.

പമ്പ-അച്ചൻകോവിൽ -വൈപ്പാർ നദീസംയോജന പദ്ധതി

10 (*370) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ചുള്ള ആശങ്ക കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതു സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) അന്തർ സംസ്ഥാന നദീജലക്കരാറുകൾ പ്രകാരം സംസ്ഥാനത്തിനുള്ള ജലം ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നേടിയെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) കേരളത്തിന് ഗുണകരമല്ലാത്ത പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് സാദ്ധ്യമായ എല്ലാ വേദികളിലും കേരളം എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ദോഷകരമായ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത പദ്ധതി ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പതിനൊന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ (6-8-2003-ൽ)പ്രമേയവും പാസ്സാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ദേശീയ ജലവികസന ഏജൻസിയുടെ (NWDA-യുടെ) ഗവേർണിംഗ് ബോഡി, വാർഷിക ജനറൽ ബോഡി എന്നിങ്ങനെയുള്ള വിവിധ യോഗങ്ങളിൽ ഇക്കാര്യത്തിലുള്ള കേരളത്തിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. 21-11-2014-ൽ നദീസംയോജന പദ്ധതികൾ സംബന്ധിച്ച കാര്യങ്ങൾ കൂടി ചർച്ച ചെയ്യുന്നതിനായി കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ സംസ്ഥാന ജലവിഭവ വകുപ്പുമന്ത്രി പങ്കെടുക്കുകയും പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി നടപ്പാക്കുന്നത് കേരളത്തിന് ഗുണകരമല്ലെന്നുള്ള വിവരം കാര്യകാരണസഹിതം വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനെതിരെ കേരളം എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പമ്പ-അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതിയെ priority list-ൽ നിന്നും ഒഴിവാക്കുന്നതായും കേരളത്തിന്റെ കൂടി സമ്മതമില്ലാതെയും ബന്ധപ്പെട്ട സംസ്ഥാനങ്ങൾ തമ്മിൽ പൊതുധാരണയിലെത്താതെയും പദ്ധതിയുടെ നടത്തിപ്പിനുള്ള നടപടികൾ സ്വീകരിക്കുകയില്ലെന്നും ദേശീയ ജലവികസന ഏജൻസിയുടെ യോഗതീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) പമ്പ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതി നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തെ പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാമെന്ന് ഇതുസംബന്ധിച്ച് CWDRM (കോഴിക്കോട്) നടത്തിയ പഠന റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

(സി) കേരളം കക്ഷിയായിട്ടുള്ള മൂന്ന് അന്തർസംസ്ഥാന നദീജലകരാറുകളാണ് നിലവിലുള്ളത്. (പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ, പെരിയാർ പാട്ടക്കരാർ, ശിരുവാണി കുടിവെള്ള പദ്ധതിക്കരാർ എന്നിവ) പ്രസ്തുത കരാറുകളിലെ, പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരമാണ് കേരളത്തിന് ജലം ലഭിക്കുന്നത്. കൊടിയ വരൾച്ച അനുഭവപ്പെട്ടിരുന്ന ചില വർഷങ്ങളിൽ കരാർ പ്രകാരം അർഹതപ്പെട്ട ജലം കേരളത്തിന് ലഭിച്ചിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെയും ജലസേചന വകുപ്പിന്റെയും സമയോചിതവും ശക്തവുമായ ഇടപെടലുകൾമൂലം പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്നും കരാർ പ്രകാരം അർഹതപ്പെട്ട ജലം നേടിയെടുക്കാറുണ്ട്. 2012-2013 ജലവർഷത്തിൽ കേരളത്തിന് കരാർ വ്യവസ്ഥകൾ പ്രകാരം അർഹതപ്പെട്ട ജലവിഹിതം ലഭിച്ചിട്ടില്ല. തമിഴ്നാടിന്റെ കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരെ നിയമവിദഗ്ധരുമായി കൂടിയാലോചിച്ചശേഷം കേരളം ബഹു. സുപ്രീംകോടതിയിൽ ഒരു അസ്സൽ അന്യായവും ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്തിട്ടുണ്ട്. കേസിന്റെ

ഉടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ ബഹു. സുപ്രീം കോടതിയുടെ അന്തിമതീരുമാനം ആയിട്ടില്ല.

കെ.ടി.ഡി.സി. ഏജ് ഹാൾട്ട്

11 (*371) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി., ഏജ് ഹാൾട്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) വിദേശ ടൂറിസ്റ്റുകൾക്ക് ആയുർവ്വേദ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ) കെ.ടി.ഡി.സി. ടൂറിസ്റ്റുകൾക്കായി ഏജ് ഹാൾട്ട് എന്ന പദ്ധതിക്ക് രൂപം നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.ടി.ഡി.സി. യുടെ പ്രമുഖ റിസോർട്ടുകൾ വഴി നടത്തപ്പെടുന്ന വിവിധ ആയുർവ്വേദ പാക്കേജുകളെയാണ് ഏജ് ഹാൾട്ട് (പ്രായ വിരാമം) എന്ന ബ്രാന്റിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്. കെ.ടി.ഡി.സി.-ക്ക് കേരളത്തിലെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഹോട്ടൽ ശൃംഖലയുള്ളതിനാൽ കെ.ടി.ഡി.സി. റിസോർട്ടുകളിലെ ആയുർവ്വേദ പാക്കേജുകൾ തെരഞ്ഞെടുക്കുന്ന ഒരാൾക്ക് ഒരു റിസോർട്ടിൽ തുടങ്ങുന്ന ആയുർവ്വേദ ചികിത്സ കേരളത്തിലെ മറ്റൊരു ടൂറിസ്റ്റ് കേന്ദ്രം സന്ദർശിക്കുന്നതിനോടൊപ്പം തുടരാനാകും എന്നതാണ് ഇതിന്റെ മെച്ചം. ഉദാഹരണമായി കൊച്ചിയിലെ ബോൾഗാട്ടി പാലസ്&ഐലന്റ് റിസോർട്ടിൽ ചികിത്സ തുടങ്ങുന്ന ഒരാൾക്ക് കുമരകത്തോ, കോവളത്തോ മൂന്നാറിലോ സന്ദർശനത്തോടൊപ്പം ചികിത്സയും തുടരാനാകും. കേരളത്തിലെ പ്രമുഖ ആയുർവ്വേദ കേന്ദ്രമായ ശാന്തിഗിരിയുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. തനിമയാർന്ന ആയുർവ്വേദ ചികിത്സയും

LIBRARY ARCHIVES Kerala Legislative Assembly